# പതിനഞ്ചാം കേരള നിയമസഭ

## നാലാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2022 മാർച്ച് 15, ചൊവ്വ

**നമ്പർ 58**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം ഉത്തരം നൽകുകയും ചെയ്തു.

[വെഞ്ഞാറമൂട് ഇരട്ടക്കൊലപാതക കേസിന്റെ ഗൂഢാലോചനയിലേക്ക് പോലീസ് അന്വേഷണം നടത്തിയിട്ടില്ലെന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ തുടരന്വേഷണത്തിന് തയ്യാറാകാതെ കേസ് അട്ടിമറിക്കുന്നത് കാരണം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. ഷാഫി പറമ്പിൽ-ഉം മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. അടിയന്തരപ്രമേയത്തിന് നൽകപ്പെട്ടിരുന്ന നോട്ടീസ് ക്രമപ്രകാരമല്ലെന്ന് സ്പീക്കർ സഭയെ അറിയിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭാനടപടികൾ തടസ്സപ്പെടുത്താൻ ശ്രമിച്ചു.]

ശ്രദ്ധ ക്ഷണിക്കൽ :

1. പൊതുമേഖലയും പൊതു ആസ്തികളും വിൽക്കുന്ന സ്വകാര്യവൽക്കരണ നയം തിരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടേണ്ടതിന്റെയും, സംസ്ഥാനത്തെ ചുമട്ടുതൊഴിലാളികളുടെ തൊഴിലവകാശങ്ങൾ സംരക്ഷിക്കേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീ. പി. നന്ദകുമാർ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

   (അടിയന്തര പ്രമേയ നോട്ടീസിന്മേൽ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

2. എം.ഡി.എം.എ. എന്ന മയക്കുമരുന്നിന്റെ ഉപയോഗം തടയുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എൻ. എ. നെല്ലിക്കുന്ന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 257/2022(i).

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ഡോ. സുജിത് വിജയൻപിള്ള | ദേശീയപാത വികസനത്തിന് വീടും സ്ഥലവും വാണിജ്യ സ്ഥാപനങ്ങളും വിട്ടുകൊടുത്തവർക്ക് പുതിയ നിർമ്മാണത്തിന് അനുമതി | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. ഡി. പ്രസേനൻ | ആലത്തൂരിലെ ലാന്റ് ട്രിബ്യൂണൽ പട്ടയം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. ഡി. സതീശൻ | എല്ലാ ജില്ലകളിലും മിഠായി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് നടപടി | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. പി. ചിത്തരഞ്ജൻ | ആലപ്പുഴയിലെ കുടിവെള്ളക്ഷാമം | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | കയ്പമംഗലത്ത് കടലാക്രമണം തടയുന്നതിന് നടപടി | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. മുരളി പെരുനെല്ലി | കീടബാധമൂലമുള്ള നെൽ കൃഷി നാശത്തിന് നഷ്ടപരിഹാരം | കൃഷി വകുപ്പുമന്ത്രി |
| 7 | ശ്രീ. മോൻസ് ജോസഫ് | കടുത്തുരുത്തിയിൽ കേന്ദ്രീയ വിദ്യാലയവും സർക്കാർ സ്ഥാപനങ്ങളും നിർമ്മിക്കുന്നതിനുള്ള ഭൂമിക്ക് പരിവർത്തനാനുമതി | കൃഷി വകുപ്പുമന്ത്രി |
| 8 | ശ്രീ. സി. ആർ. മഹേഷ് | കരുനാഗപ്പള്ളി ഫ്ലൈ ഓവർ | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9 | ഡോ. എൻ. ജയരാജ് | ചിറയ്ക്കൽപാറ, ചെറുവള്ളി പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 10 | ശ്രീ. നജീബ് കാന്തപുരം | പട്ടാമ്പി റോഡിന്റെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ട് സമർപ്പണം</u> :

i) ഹർജികൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിച്ചു.

ii) പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

<u>നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം</u> :

നാലാം സമ്മേളന കാലയളവിൽ സഭയിൽ ഹാജരാകാതിരിക്കുന്നതിന് ചട്ടം 170(1) അനുസരിച്ച് ശ്രീ. യു. എ. ലത്തീഫ് സമർപ്പിച്ചിരുന്ന അപേക്ഷ ബഹു. സ്പീക്കർ സഭയിൽ വായിച്ചു. നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ ശ്രീ. യു. എ. ലത്തീഫിന് അനുമതി നൽകി.

<u>ധനകാര്യം</u> :

2022-2023 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതു ചർച്ച പുനരാരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. പി. എസ്. സുപാൽ

ശ്രീ. കെ. പി. എ. മജീദ്

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. പി. ജെ. ജോസഫ്

ശ്രീമതി യു. പ്രതിഭ

ശ്രീ. കെ. പി. മോഹനൻ

ശ്രീ. എം. മുകേഷ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. പി. അബ്ദുൽ ഹമീദ്

ശ്രീ. പി. വി. ശ്രീനിജിൻ

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ.  ടി. വി. ഇബ്രാഹിം

ശ്രീ. വാഴൂർ സോമൻ

ശ്രീ. ഷാഫി പറമ്പിൽ

ഡോ. കെ. ടി. ജലീൽ

ചർച്ച പൂർത്തിയായില്ല

2022 മാർച്ച് 16-ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിയ്ക്കുന്നതിനായി ഉച്ചയ്ക്ക് ശേഷം 2.42 - ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

## FIFTEENTH KERALA LEGISLATIVE ASSEMBLY

Fourth Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, March 15, 2022*

**No. 58**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Four Questions in the list of Questions posted for the day were answered orally.

[A notice of Adjournment Motion was given by Shri Shafi Parambil and five other Members regarding the serious situation reported to have arisen consequent on the toppling of the Venjaramoodu twin murder case by not conducting reinvestigation on the basis of the revelation that investigation was not conducted on the conspiracy angle of the case. The Speaker informed the House that the notice was not in order. In protest against this, the members belonging to the opposition tried to obstruct the proceedings of the House.]

*Calling Attention* :

1. Shri P. Nandakumar called the attention of the Minister for General Education and Labour to the necessity to urge the Central Government to rectify the privatisation policy of selling public sector and public assets and to protect the employment rights of head load workers in the State. The Minister made a statement thereto.

   (As a mark of protest against the attitude on the notice of Adjournment motion, the Members belonging to the opposition staged a walkout.)

2. Shri N. A. Nellikkunnu called the attention of the Minister for Local Self Governments, Rural Development and Excise to the necessity to take steps to prevent the use of MDMA. The Minister made a statement thereto.

KNPP. 257/2022(ii).

*The Matters under Rule 304* :

The matters raised in the House by the Members under Rule 304 are listed below :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ഡോ. സുജിത് വിജയൻപിള്ള | ദേശീയപാത വികസനത്തിന് വീടും സ്ഥലവും വാണിജ്യ സ്ഥാപനങ്ങളും വിട്ടുകൊടുത്തവർക്ക് പുതിയ നിർമ്മാണത്തിന് അനുമതി | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. ഡി. പ്രസേനൻ | ആലത്തൂരിലെ ലാന്റ് ട്രിബ്യൂണൽ പട്ടയം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. ഡി. സതീശൻ | എല്ലാ ജില്ലകളിലും മിഠായി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് നടപടി | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. പി. ചിത്തരഞ്ജൻ | ആലപ്പുഴയിലെ കുടിവെള്ളക്ഷാമം | ജലവിഭവ വകുപ്പു മന്ത്രി |
| 5 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | കയ്പമംഗലത്ത് കടലാക്രമണം തടയുന്നതിന് നടപടി | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. മുരളി പെരുനെല്ലി | കീടബാധമൂലമുള്ള നെൽ കൃഷി നാശത്തിന് നഷ്ടപരിഹാരം | കൃഷി വകുപ്പുമന്ത്രി |
| 7 | ശ്രീ. മോൻസ് ജോസഫ് | കടുത്തുരുത്തിയിൽ കേന്ദ്രീയ വിദ്യാലയവും സർക്കാർ സ്ഥാപനങ്ങളും നിർമ്മിക്കുന്നതിനുള്ള ഭൂമിക്ക് പരിവർത്തനാനുമതി | കൃഷി വകുപ്പുമന്ത്രി |
| 8 | ശ്രീ. സി. ആർ. മഹേഷ് | കരുനാഗപ്പള്ളി ഫ്ലൈ ഓവർ | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9 | ഡോ. എൻ. ജയരാജ് | ചിറയ്ക്കൽപാറ, ചെറുവള്ളി പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 10 | ശ്രീ. നജീബ് കാന്തപുരം | പട്ടാമ്പി റോഡിന്റെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

i) The Second Report of the Committee on Petitions was presented.

ii) The First Report of the Committee on the Welfare of Scheduled Castes and Scheduled Tribes was presented.

*Leave of Absence from sittings of the House :*

The Speaker read out the request from Shri U. A. Lathif for leave of absence from the sittings of the Fourth Session as per Rule 170 (1). The House granted leave of absence from the sittings of the House to Shri U. A. Lathif.

*Financial Business:*

The General discussion on the Budget for the financial year 2022-2023 resumed. The following members took part in the discussion.

Shri V. K. Prasanth

Shri Saneeshkumar Joseph

Shri P. S. Supal

Shri K. P. A. Majeed

Shri Job Maichil

Shri P. J. Joseph

Smt. U. Prathibha

Shri K. P. Mohanan

Shri M. Mukesh

Shri M. Vincent

Shri K. K. Ramachandran

Shri K. V. Sumesh

Shri P. Abdul Hameed

Shri P. V. Sreenijin

Shri M. S. Arun Kumar

Shri T. V. Ibrahim

Shri Vazhoor Soman

Shri Shafi Parambil

DR. K. T. Jaleel

The discussion was inconclusive.

The House adjourned at 2.42 p.m. to meet again at 9.00 a.m. on Wednesday, March 16, 2022.

S. V. UNNIKRISHNAN NAIR,
*Secretary.*